LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപികയായ രാജി ജോസഫ് ഹൈക്കോടതിയിൽ നൽകിയ കേസ്

55 (7020) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് മലപ്പുറം ജില്ലയിലെ വാഴൂർ എം.എച്ച്.എം.എ. യു.പി. സ്കൂളിലെ അദ്ധ്യാപികയായ രാജി ജോസഫ് ഹൈക്കോടതിയിൽ നൽകിയ കേസിൻമേലുള്ള (കേസ് നമ്പർ 27412/2013) വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ആറുമാസത്തിനകം തീരുമാനം അറിയിക്കണമെന്ന ഹൈക്കോടതി വിധിപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-സി) നടപടി സ്വീകരിച്ചുവരുന്നു.

ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് യോഗ്യതാ ടെസ്റ്റ്

56 (7021) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 50 വയസ് തികഞ്ഞതും എന്നാൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസാകാത്തതുമായ ഹൈസ്കൂൾ അധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് യോഗ്യതാ ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ ഇളവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ടെസ്റ്റ് പാസാകണമെന്ന നിബന്ധന എത്ര നാളത്തേയ്ക്കാണ് ഒഴിവാക്കി നൽകിയിരിക്കുന്നത് ;

(സി) 50 വയസ് പൂർത്തിയായിട്ടുള്ള ഹൈസ്കൂൾ അധ്യാപകർക്ക് പ്രൊമോഷൻ നൽകാൻ തീരുമാനിച്ചതിലൂടെ എത്ര അധ്യാപകർക്ക് ഇതിന്റെ ആനുകൂല്യം ഇടുക്കി ജില്ലയിൽ ലഭിക്കും ;

(ഡി) പ്രസ്തുത അധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 1-3-2014-മുതൽ 6 മാസത്തേക്കാണ് ഇളവ് അനുവദിച്ചിരിക്കുന്നത്.

(സി&ഡി) ഹൈസ്കൂൾ പ്രധാനാധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എന്നിവരുടെ പ്രൊമോഷൻ ഉത്തരവ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത ഇളവുമൂലം ഇടുക്കി ജില്ലയിൽ ആർക്കും ആനുകൂല്യം ലഭിച്ചിട്ടില്ല.

എറണാകുളം ജില്ലയിലെ സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിന് അനുവദിച്ച തുക

57 (7022) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്താറുണ്ടോ ;

(ബി) 2013 അദ്ധ്യയന വർഷം എറണാകുളം ജില്ലയിലെ സ്കൂളുകളിലെ മൂത്രപ്പുര, ടോയ്ലെറ്റ്, കുടിവെള്ളം എന്നീ സൗകര്യങ്ങളുടെ വികസനത്തിന് എത്ര തുകയാണ് അനുവദിച്ചത് ; ഇതിൽ എത്ര രൂപ ചെലവഴിച്ചു ; സബ്ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രവൃത്തി ഏറ്റെടുക്കാത്ത എറണാകുളം ജില്ലയിലെ സ്കൂളുകൾ ഏതൊക്കെയെന്ന് സബ്ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഡി) ഏതൊക്കെ സ്കൂളുകൾക്കുള്ള തുകയാണ് തടഞ്ഞ് വച്ചിരിക്കുന്നതെന്നും ഇതിന്റെ കാരണവും വ്യക്തമാക്കാമോ ;

(ഇ) എറണാകുളം ജില്ലയിൽ 2014 മാർച്ചിൽ വിരമിച്ച എത്ര പ്രധാന അദ്ധ്യാപകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നും അതിന്റെ കാരണവും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എറണാകുളം ജില്ലയിലെ സ്കൂളുകൾക്ക് 2013-14 വർഷത്തേക്ക് 58,60,000 രൂപ(അൻപത്തിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ) അനുവദിച്ചു. ഇതിൽ 2014 ജൂൺമാസം വരെ 5366018 രൂപ ചെലവഴിച്ചു.

റവന്യൂ സെക്കണ്ടറി വിഭാഗത്തിലെ 64 സ്കൂളുകളിലെ മൂത്രപ്പുര, ടോയ്ലെറ്റ്, കുടിവെള്ളം എന്നീ സൗകര്യങ്ങളുടെ വികസനത്തിന് 2,90,57,000 രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ പ്രൊഫഷണൽ റവന്യൂ സെക്കണ്ടറി വിഭാഗത്തിൽ 220 സ്കൂളുകളിലായി 377 വിദ്യാർത്ഥികൾക്ക് രൂപ പ്ലാൻ ഫണ്ടിൽനിന്ന് ഭരണാനുമതി നൽകി. 17,00,000 രൂപ അനുവദിച്ചു. 13,60,000 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly